വളയങ്കര മാപ്പിള എ. എൽ. പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

## ഉള്ളടക്കം


1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. ചരിത്രം
4. വിദ്യാലയ പ്രവർത്തനങ്ങൾ.
5. അക്കാദമിക, ഭൗതിക നേട്ടങ്ങൾ - പരിമിതികൾ.
6. പൊതുലക്ഷ്യങ്ങൾ.
7. മധുരം മലയാളം
8. ഇംഗ്ലീഷ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം - wordsmith
9. ഉല്ലാസ ഗണിതം
10. ശാസ്ത്ര ലോകം
11. അറബിക്
12. പ്രവൃത്തി പരിചയം
13. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : വളക്കൈ എം. എ. എൽ. പി സ്കൂൾ |
| മേൽവിലാസം | : വളക്കൈ<br>കൊയ്യം P.O.. കരിമ്പംവഴി. കണ്ണൂർ |
| ഫോൺ | : |
| സ്കൂൾ കോഡ് | : 13430 |
| വിദ്യാഭ്യാസ ഉപജില്ല | : ഇരിക്കൂർ |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ |
| റവന്യൂ ജില്ല | : കണ്ണൂർ |
| ബി. ആർ. സി | : ശ്രീകണ്ഠാപുരം, പഴയങ്ങാടി |
| സി. ആർ. സി | : ചുഴലി |
| ഗ്രാമപഞ്ചായത്ത് | : ചെങ്ങളായി |
| ബ്ലോക്ക് പഞ്ചായത്ത് | : തളിപ്പറമ്പ് |
| ജില്ലാ പഞ്ചായത്ത് | : കണ്ണൂർ |
| നിയമസഭാമണ്ഡലം | : ഇരിക്കൂർ |
| ലോകസഭാമണ്ഡലം | : കണ്ണൂർ |
| താലൂക്ക് | : തളിപ്പറമ്പ് |
| വില്ലേജ് | : ചെങ്ങളായി |
| ഇ-മെയിൽ വിലാസം | : Valakkaimalps@gmail.com |

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിന് ആണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുമാണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പു വരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ പൂർണമായി എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാകുക' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പു വരുത്തുക.
6. ഓരോ ടേമിലും കുട്ടികൾ നേടേണ്ടതായ അറിവും കഴിവും രക്ഷിതാക്കളുമായി പങ്കു വയ്ക്കും. ഇതിനായി വ്യക്തിഗത പി.ടി.എ / കോർണർ പി.ടി.എകൾ ചേരും.
7. 'വിദ്യാലയങ്ങൾ ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

8. ആശയ പ്രകടന ശേഷി വർധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

9. മാലിന്യ മുക്ത വിദ്യാലയം ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിന ജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

10. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

11. പോക്സോ സംബന്ധമായ ബോധവൽക്കരണം.

12. രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# വളക്കൈ മാപ്പിള എ.എൽ.പി സ്കൂൾ

ചെങ്ങളായി പഞ്ചായത്തിൽ വളക്കൈ ദേശത്ത് മനോഹരമായ ഒരു കുന്നിൻ പുറത്താണ് വളക്കൈ മാപ്പിള എ.എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1928 ൽ സ്ഥാപിച്ച വിദ്യാലയത്തിൽ ശ്രീ NP അബ്ദുൽ ഖാദർ ആയിരുന്നു സ്കൂൾ മാനേജർ. അഞ്ചാം ക്ലാസിൽ വെറും പതിനേഴ് കുട്ടികൾ മാത്രമായതിനാൽ അഞ്ചാം ക്ലാസ് എടുത്തുകളയാനും കുട്ടികളെ ടിസി നൽകി മറ്റു സ്കൂളുകളിലേക്ക് അയക്കാനും ഉത്തരവായി. അതിന് ശേഷം 1 മുതൽ 4 വരെ ക്ലാസുകളാണ് ഇവിടെ ഉള്ളത്. ഓടു മേഞ്ഞ കെട്ടിടത്തിന് പകരം 2017 ൽ ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ കെട്ടിടം സ്ഥാപിക്കുകയും സ്മാർട്ട് ക്ലാസ് റൂമുകളോടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

പഞ്ചായത്ത് തലത്തിലും, സബ്ജില്ലാ തലത്തിലും ജില്ലാ തലത്തിലും ഉള്ള പരിപാടികളിൽ സ്കൂളിന്റെ പങ്കാളിത്തം ഉണ്ടാകാറുണ്ട്. കെജി പ്രൈമറി തലത്തിൽ മൂന്ന് അധ്യാപികമാരും പ്രൈമറി തലത്തിൽ 10 അധ്യാപകരും ഇന്നിവിടെ സേവനമനുഷ്ഠിച്ചു വരുന്നു.

ആധുനിക രീതിയിൽ പുനരുദ്ധാരണം നടത്തിയ സ്കൂൾ സമീപ പ്രദേശങ്ങളിലെ മറ്റു വിദ്യാലയങ്ങളെക്കാളും പിന്നിലാക്കുന്ന തരത്തിലുള്ള ഉന്നതമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. ശിശു സൗഹൃദ ക്ലാസ് മുറികളും, വിശാലമായ കളിസ്ഥലവും, കുട്ടികൾക്കായുള്ള ഉല്ലാസ പാർക്കും സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ മികവുറ്റ രീതിയിൽ കാഴ്ച വെച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന വിദ്യാലയത്തിലെ നിലവിലുള്ള പോരായ്മകൾ തിരിച്ചറിഞ്ഞ് നികത്താനും കൂടുതൽ മുന്നേറാനും നമുക്ക് സാധിക്കേണ്ടതുണ്ട്. ഇതിനായി ഞങ്ങൾ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

# വിദ്യാലയ പ്രവർത്തനങ്ങൾ

കുട്ടികളുടെ സമഗ്രമായ വികസനത്തിന് ഉതകുന്ന തരത്തിൽ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നുവരുന്നു. പഠനത്തോടൊപ്പം വിവിധങ്ങളായ അനുബന്ധപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. English പഠനം എളുപ്പവും രസകരവുമാക്കാനായി 'Words smith', ഇന്നത്തെ ന്യൂസ് അറിയാനും മനസ്സിലാക്കാനും 'One day one knowledge', മധുരം മലയാളം, ഗണിതം ലളിതം, ശാസ്ത്രദീപ്തം, കമ്പ്യൂട്ടർ പഠനം, ശുചിത്വസേന, ഹരിത ക്ലബ്ബ് പ്രവർത്തനം, സർഗവേദി, Readers theater, മികച്ച ഉച്ചഭക്ഷണം, കലാ കായിക പരിശീലനങ്ങൾ, പ്രവൃത്തിപരിചയ പരിശീലനങ്ങൾ, വിവിധ ക്ലബ് പ്രവർത്തനങ്ങൾ പഠനയാത്രകൾ, പഠനയജ്ഞങ്ങൾ, പത്രവാർത്താനിർമ്മാണം, അവതരണം, പുസ്തകപരിചയം, ദിനാചരണങ്ങൾ, വിദ്യാരംഗം കലാസാഹിത്യവേദി, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്, കുട്ടികൾക്കുള്ള പഠനക്യാമ്പുകൾ, ശിൽപശാലകൾ, തനത് സുരീലി ഹിന്ദി അറബിക് ഫെസ്റ്റ് പച്ചക്കറിത്തോട്ടം, മുന്നേറ്റം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിക്കൽ, ലഹരി- ലൈബ്രറി, പ്രവർത്തനങ്ങൾ തുടങ്ങിയവ നടന്നു വരുന്ന പ്രവർത്തനങ്ങളിൽ ചിലതാണ്.

അക്കാദമിക ഭൗതിക നേട്ടങ്ങൾ – പരിമിതികൾ

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദ-മായ കെട്ടിട സമുച്ചയം.
- മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം, ചിൽഡ്രൻസ് പാർക്ക്, വിശാലമായ ഡൈനിങ്ങ് ഹാൾ, കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടുള്ള മികവുറ്റ ടോയ്‌ലറ്റ് സൗകര്യം.
- കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരി-ശീലനം ലഭ്യമാക്കുന്നു.
- കലാപഠനം, പ്രവൃത്തി പരിചയ പഠനം, കായിക പഠനം എന്നീ വിഷയങ്ങൾക്ക് ക്ലാസ് തലത്തിൽ പരിശീലനം നൽകി വരുന്നു.
- പഠനത്തിൽ പിന്നോക്ക ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണാ പ്രവർത്തനങ്ങൾ.
- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനും, ആശയങ്ങൾ സങ്കോചമില്ലാതെ പ്രകടിപ്പിക്കുന്നതിനുള്ള വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാ-ഹിപ്പിക്കുന്നു.
- പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രത്യേക പദ്ധതി.

- പഠനേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, തുടങ്ങിയവ മികച്ച രീതിയിൽ നടപ്പാക്കുന്നു.
- കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ സംരക്ഷണം എന്നിവ കുട്ടികൾക്ക് പ്രയോജനം ചെയ്യുന്നു.
- കുട്ടികളുടെ വ്യക്തിത്വ വികാസം വർദ്ധിപ്പിക്കാനായി ക്ലബ്ബ് യൂണിറ്റ്.

## പരിമിതികൾ

- ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്.
- പഠന കാര്യത്തിൽ രക്ഷിതാക്കളുടെ ഇടപെടലുകളും സഹായങ്ങളും കുട്ടികൾക്ക് വേണ്ട രീതിയിൽ ലഭിക്കുന്നില്ല.
- കുട്ടികളുടെ കലാ-കായിക പഠനത്തിനുള്ള കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം അധ്യാപകരില്ല.
- IEDC കുട്ടികൾക്ക് പഠന പിന്തുണ നൽകാനായുള്ള പ്രത്യേക അധ്യാപകരുടെ അഭാവം.
- ഇ-ഫോൺ കണക്ഷൻ ലഭ്യമായിട്ടില്ല.
- ഹൈടെക് ക്ലാസ് മുറികളുടെ അഭാവം.

## ഭാഷാ വികസനം

1) എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക

2) എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3) കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4) സർഗാത്മക രചനയ്ക്കുള്ള അവസരം നൽകുക.

5) ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6) ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7) മികച്ച വായനശീലം വളർത്തുക.

## ഗണിതം

1) അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2) ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3) ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പിക്കുക.
4) IT സാധ്യതകൾ പ്രയോജനപ്പെടുത്തുക.
5) ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ICT സാധ്യതകൾ

1) IT യെ പ്രയോജനപ്പെടുത്തുക
2) അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3) കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പരിസരപഠനം

1) ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക.
2) ശാസ്ത്രബോധം, ശാസ്ത്രീയ അവബോധം എന്നിവ വളർത്തുക.
3) ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
4) ശാസ്ത്രീയ പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
5) ആധുനിക സൗകര്യങ്ങളോടുകൂടി ലാബ് സജ്ജമാക്കുക.
6) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1) ജനാധിപത്യ വേദികൾ ഒരുക്കുക.
2) സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3) ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4) ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ, എന്നിവ സംഘടിപ്പിക്കൽ.

## ഇംഗ്ലീഷ്

1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.

3) സ്വതന്ത്ര്യ വായനയ്ക്ക് സജ്ജരാക്കുക.

4) സാങ്കേതിക സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസനത്തിന് ഉപയോഗപ്പെടുത്തുക.

5) ക്ലാസ്തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ ശേഖരിക്കുക.

6) ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാനാവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പ്രവൃത്തി പരിചയം

1) ഇതര വിഷയങ്ങളുമായി പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

2) പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു.

## കലാപരിശീലനം

1) കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.

2) കലാഭിരുചി വളർത്തുക.

3) ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനം സാധ്യമാക്കുക.

4) ICT കലാപഠനത്തിൽ പ്രയോജനപ്പെടുത്തുക.

5) 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ നടത്തുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1) എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.

2) ആരോഗ്യ ശീലങ്ങൾ വളർത്തുക.

3) ക്യാമ്പസിനെ മാലിന്യമുക്തമാക്കുക.

# അറബിക്

1) എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ട് വായിക്കാനും എഴുതാനും പഠിപ്പിക്കുന്നു.

2) കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു.

3) വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4) ICT സാധ്യത പ്രയോജനപ്പെടുത്തുക.

## മധുരം മലയാളം

'മലയാളം'... കേരളത്തിന്റെ ആത്മാവായ ഭാഷ വൈവിധ്യത്തിന്റെ പ്രതീകമാണ്. നമ്മുടെ സാഹിത്യം, സംസ്കാരം എന്നിവയെ അടുത്തറിയാനും നല്ല മനോഭാവത്തോടെ അവയെ സ്വീകരിക്കാനും കഴിയുന്ന വിധത്തിൽ ഭാഷാ പഠനത്തെ സർഗാത്മകമാക്കാനുള്ള പ്രവർത്തന പദ്ധതികളാണ് ഈ ആവിഷ്കരിച്ചിട്ടുള്ളത്.

### പ്രവർത്തനങ്ങൾ

1) മധുരം മലയാളം :-

അക്ഷരം ഉറക്കാനും ചിഹ്നങ്ങൾ ഉറപ്പിക്കാനുമായി വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
ഉദാഹരണം: അക്ഷരക്കാർഡ്, വാക്യനിർമ്മാണം, ചിത്രം നോക്കി കഥ പറയൽ, എഴുതൽ, കഥ ബാക്കി എഴുതൽ.

2) ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ :-

സുസജ്ജമായ ക്ലാസ് ലൈബ്രറി

പഠനപ്രവർത്തനങ്ങൾക്കും അനുബന്ധ വായനയ്ക്കും ഉതകുന്ന പുസ്തകങ്ങൾ സജ്ജീകരിച്ച് തയ്യാറാക്കൽ. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, രചനാപരിചയക്കുറിപ്പ് എന്നിവ തയ്യാറാക്കൽ.

3) പുസ്തകസമാഹരണം :-

വായനാദിനത്തിൽ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമാഹരിക്കൽ. പിറന്നാൾ ദിനത്തിൽ കുട്ടികളെ ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകം നൽകുന്നതിൽ പ്രോത്സാഹിപ്പിക്കൽ.

4) ഡിജിറ്റൽ മാഗസിൻ പ്രകാശനം :-

കുട്ടികളുടെ വായനയ്ക്ക് ശേഷമുള്ള രചനാപരിചയക്കുറിപ്പുകൾ ഡിജിറ്റലായി പതിപ്പാക്കി പ്രകാശനം ചെയ്യുന്നു.

5) വായനാമൂല :

ക്ലാസ് ലൈബ്രറികളോടനുബന്ധിച്ച് കുട്ടികൾക്ക് വായനയ്ക്ക് സൗകര്യപ്രദമായ രീതിയിൽ വായനാമൂലകൾ 1 മുതൽ 4 വരെ ക്ലാസുകളിൽ സജ്ജീകരിക്കൽ.

6) അമ്മവായന:
ഒന്നാം ക്ലാസിലെ കുട്ടികൾക്കായി അമ്മമാർ വീട്ടിൽ നിന്ന് പുസ്തകം വായിച്ച് കേൾപ്പിക്കുകയും അതിന്റെ ശബ്ദസന്ദേശം ക്ലാസ് ഗ്രൂപ്പുകളിൽ പങ്കുവയ്ക്കുകയും ചെയ്യുന്നു.

7) സർഗ്ഗവേള:
കുട്ടികളുടെ കലാപരമായ കഴിവുകളെ അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെടുത്തി പരിശീലനം നൽകുന്നതിനായി എല്ലാ ക്ലാസുകളിലും ആഴ്ചയിലൊരിക്കൽ സർഗ്ഗവേളകൾ നടത്താനായി സമയം ക്രമീകരിക്കൽ.

8) റീഡേഴ്സ് തിയേറ്റർ:
വായനാതാൽപര്യവും അഭിനയവും വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. സംഭാഷണ ശൈലി, ശബ്ദവ്യന്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു.

9) ഭാഷോത്സവം:
ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോ

ടെ ഭാഷാ പ്രസംഗം പറയൽ, കഥ പറയൽ, കവിതാ പാരായണം, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം നൽകൽ.

10) അരങ്ങേറ്റം:-

ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണം സ്കൂൾ അസംബ്ലിയിൽ സാധ്യമാക്കുന്നു.

11) പത്രവാർത്താനിർമ്മാണവും അവതരണവും:

ഭാഷാവികസനം മുന്നിൽവെച്ചുകൊണ്ട് സർഗാത്മകമായി കുട്ടികളെ ഉണർത്തുന്നതിനായി സ്കൂളിലെ ആനുകാലിക സംഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള പത്രവാർത്താനിർമ്മാണവും അത് ആഴ്ചയിലൊരിക്കൽ സ്കൂൾ അസംബ്ലിയിൽ അവതരണവും നാലാം ക്ലാസിലെ അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ നടത്തുന്നു.

## ഇംഗ്ലീഷ്

ഇംഗ്ലീഷിന്റെ പ്രാധാന്യത്തിൽ ഊന്നി കൊണ്ടാണ് വിദ്യാഭ്യാസത്തിന്റെ മികവിനെ സമൂഹം വിലയിരുത്തുന്നത്. ആഗോളഭാഷയായ ഇംഗ്ലീഷ് ഏവർക്കും നന്നായി ഉപയോഗിക്കാവുന്ന സ്ഥിതി പൊതുവിദ്യാലയങ്ങളിൽ കൂടി ഉണ്ടാക്കാവുന്ന തരത്തിൽ വിദ്യാഭ്യാസ അക്കാദമിക പ്രവർത്തനങ്ങൾ മാറേണ്ടതുണ്ട്. അങ്ങനെ മാതൃഭാഷയോടൊപ്പം ഇംഗ്ലീഷിനും പ്രാധാന്യം നൽകികൊണ്ട്, ഇംഗ്ലീഷിൽ മികച്ച രീതിയിൽ ആശയവിനിമയം സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ ഈ വർഷം ആവിഷ്കരിച്ചിട്ടുണ്ട്.

### പ്രവർത്തനങ്ങൾ

1) Five Word a Day :-
ദിവസംതോറും 5 പുതിയ ഇംഗ്ലീഷ് വാക്കിനെ ക്ലാസ്മുറികളിൽ പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ 'Wordsmith' english enrichment Programme ക്രമീകരിച്ചിരിക്കുന്നു.

2) English Diary
3,4 ക്ലാസുകളിൽ ഇംഗ്ലീഷിനെ സുഗമമായ രീതിയിൽ കൈകാര്യം ചെയ്യുക എന്ന ഉദ്ദേശത്തോടെ ആഴ്ചയിലൊരിക്കൽ

ഇംഗ്ലീഷ് ഡയറി എഴുതി അധ്യാപകർ വിലയിരുത്തുന്നതിനുള്ള അവസരമൊരുക്കുന്നു.

3) ഇംഗ്ലീഷ് ഭാഷയെ പേടിക്കാതെ പഠിക്കാനായി ICT സാധ്യതകൾ ഉപയോഗിച്ച് English story, Rhyme എന്നിവ പ്രദർശിപ്പിക്കുന്നു.

4) കുട്ടികൾക്ക് English Vocabulary വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 'English Assemby' നടത്തുകയും അതിൽ Thought of the day, News Reading, Speech, Action Song എന്നിവ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

5) എല്ലാ ക്ലാസുകളിലും Spoken English നായി ഒരു സമയം മാറ്റിവയ്ക്കൽ.

## ഗണിതശാസ്ത്രം

കുട്ടികൾക്ക് ഏറെ പ്രയാസമുള്ള വിഷയമായി സാധാരണ പറയപ്പെടുന്ന വിഷയമാണ് ഗണിതം. എന്നാൽ പഠനരീതി, പാഠപുസ്തകം, എന്നിവയിലുണ്ടായിട്ടുള്ള മാറ്റത്തിലൂടെ ഗണിതഭയം കുറയ്ക്കാനും കുട്ടികളിൽ താൽപര്യം വളർത്താനും പുതിയ പാഠ്യപദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഗണിതാശയങ്ങൾ പ്രയാസകരമായി കാണുന്ന കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിലുണ്ട്. അവരെക്കൂടി പരിഗണിച്ച് മുന്നിലെത്തിക്കാനാവുന്ന പ്രവർത്തന പദ്ധതിയാണ് ഇതിനായി വേണ്ടത്.

## പ്രവർത്തനങ്ങൾ

* ഉല്ലാസഗണിതം.

(1) ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളിൽ ഗണിതപഠനം ആസ്വാദ്യമാക്കാൻ ഗണിതകാർഡുകൾ, ഡൈസ്, ഡൊമിനോസ്, നാണയങ്ങൾ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, ഗണിതകളികൾ എണ്ണിയെടുക്കൽ, കൂട്ടിച്ചേർക്കൽ, രൂപങ്ങൾ തിരിച്ചറിയൽ.

* ഗണിതകിറ്റ് :- നിർമ്മാണം.

ഒന്ന്, രണ്ട് ക്ലാസുകളിൽ എണ്ണിയെടുക്കാം, കൂട്ടൽ കുറയ്ക്കൽ, പ്രവർത്തനങ്ങൾ ഗണിതകിറ്റ്, (മുത്തുകൾ, ഈർക്കിൾ, നാണയങ്ങൾ, കളിനോട്ടുകൾ, സംഖ്യാകാർഡ്, കുപ്പിയുടെ അടപ്പുകൾ, ബട്ടൺസ്) എന്നിവ ഉപയോഗി ക്കുന്നു.

* ഗണിതം മധുരം:-

a) ഗണിത കുസൃതികൾ, പദപ്രശ്നങ്ങൾ, ക്വിസ് ചോദ്യങ്ങൾ എന്നിവ ആഴ്ച്ചയിൽ കുട്ടികൾക്ക് നൽകി ഉത്തരം കണ്ടെത്തി ഗണിതകോർണറിൽ നിക്ഷേപിക്കൽ.

b) രൂപങ്ങൾ, അളവുകൾ, ജിയോബോർഡ്, അബാക്കസ്, സംഖ്യാസ്ട്രിപ്പ്, സ്ഥാനവിലപോക്കറ്റ്, തൂക്കങ്ങൾ, ....

മറ്റ് പഠനോപകരണങ്ങൾ

* ചാർട്ടുകൾ
* അളവുപാത്രങ്ങൾ
* ക്ലാസിൽ ഒരു കട ഒരുക്കൽ
* തൂക്കങ്ങൾ, ത്രാസ്
* ജ്യാമിതീയ രൂപങ്ങൾ

* സംഖ്യാപാറ്റേണുകൾ, ശ്രേണികൾ
* ഡൊമിനോസ്, ഡൈസ്.
* കളിനോട്ടുകൾ,
* ഏണിയും പാമ്പ്, ലൂഡോബോർഡ്,
* ചെസ്ബോർഡ്, etc.

* അറിയാം പഠിക്കാം.

ഗണിതത്തിലെ പ്രായോഗിക രീതികൾ അറിയാനും പ്രയോഗിക്കാനും ഇവ അവസരം കുട്ടികൾക്ക് നൽകുന്നു. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ഗണിത കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും, പഠനം രസകരമാക്കുകയും കുട്ടികൾക്ക് താൽപര്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

## പരിസരപഠനം

പരിസരപഠനത്തിലൂടെ മുഴുവൻ കുട്ടികളെയും ശാസ്ത്രബോധമുള്ളവരാക്കി മാറ്റുക എന്നത് ഏറെപ്രധാനമാണ്. മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കാനും സംരക്ഷിക്കാനും പരിസ്ഥിതിസൗഹൃദപരമായ ബോധവും മാലിന്യനിർമാർജ്ജനബോധവും കൂടി കുട്ടികളിൽ പരിസരപഠനത്തിലൂടെ ഉണ്ടാകേണ്ടതുണ്ട്. അടിസ്ഥാനശേഷി വികാസത്തോടൊപ്പം ശാസ്ത്രീയമനോഭാവം വളർത്താനുതകുന്ന പ്രവർത്തനങ്ങളും വിദ്യാലയത്തിൽ അനിവാര്യമാണ്.

## പ്രവർത്തനങ്ങൾ

### കണ്ടറിയാനൊരുയാത്ര

പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. വിദ്യാലയ പരിസരത്തുള്ള കുളം, വയൽ തുടങ്ങിയവ സന്ദർശിച്ച് ജൈവവൈവിധ്യം, ആവാസവ്യവസ്ഥ, സവിശേഷതകൾ തുടങ്ങിയവ കണ്ടെത്തി രേഖപ്പെടുത്തുന്നു.

സ്കൂൾ, വീട് എന്നിവയുടെ പരിസരം നിരീക്ഷിച്ച് സസ്യജാലങ്ങൾ, ജീവജാലങ്ങൾ എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ

### പരീക്ഷണക്കളരി

നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ ചെയ്യുന്നു. പരീക്ഷണ

കുറിപ്പുകൾ തയ്യാറാക്കുന്നു. പ്രഗൽഭരായ ശാസ്ത്രാധ്യാപകരെ പങ്കെടുപ്പിച്ച് പരീക്ഷണക്കളരി സംഘടിപ്പിക്കുന്നു.

## സ്കൂൾ പച്ചക്കറികൃഷി

ഹരിതസേനയുടെ നേതൃത്വത്തിൽ സ്കൂൾപച്ചക്കറികൃഷി ആരംഭിക്കുന്നു. ഹരിതക്ലബ്ബ് അംഗങ്ങൾക്ക് ചുമതല നൽകുന്നു.

## ശാസ്ത്രമാസിക

പരിസ്ഥിതിയുമായി ബന്ധപ്പെട്ട വാർത്തകൾ, സസ്യജന്തുജാലങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രമാസിക തയ്യാറാക്കുന്നു.

## വിസ്മയയാത്ര

ICTയുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലെത്തിക്കുന്നു. ശാസ്ത്രവുമായി ബന്ധപ്പെട്ട പുതിയ കണ്ടെത്തലുകൾ, വിവിധ ദിനാചരണങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം.

## ജീവലോകം - കൗതുകലോകം

ജീവലോകത്തെ സവിശേഷതകൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നു.

## ശാസ്ത്രമേള

പരീക്ഷണങ്ങൾ, സ്റ്റിൽമോഡൽ, ശേഖരണം, ശാസ്ത്രക്വിസ്, ചാർട്ട് എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശാസ്ത്രമേള

## അറബിക്

അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടി- യെടുക്കുക :-

- പ്രൈമറി ക്ലാസുകളിൽ ഭാഷാ ശേഷികളുടെ വളർച്ച- യ്ക്ക് ഉറപ്പ് വരുത്തുക.
- മുന്നറിവ് പരിശോധിക്കുക.
- അക്ഷരങ്ങൾ ഉറപ്പിക്കൽ
- വാചകങ്ങൾ നിർമ്മിക്കൽ
- ഭാഷാ കളികൾ

അറബി വായനോത്സവം :-

- വായനാ മത്സരം
- സ്കൂൾ, ക്ലാസ് തല ലൈബ്രറി
- വായനാകുറിപ്പുകൾ
- അറബിക് പത്രവായന

അറബി രചനോത്സവം :-

- പതിപ്പുകളുടെ നിർമ്മാണം
- വായനാകുറിപ്പ് ശേഖരണം
- ഭാഷാകളികൾ.

# പ്രവൃത്തി പരിചയം

നിത്യജീവിതത്തിൽ കുട്ടിക്കും സമൂഹത്തിനും ആവശ്യമായ അടിസ്ഥാന ജീവിതഘടകങ്ങളുമായി ബന്ധപ്പെട്ടതും, കുട്ടിയുടെ സമഗ്രവികസനത്തിന് ഉതകുന്നതുമായ പ്രവർത്തനങ്ങളാണ് പ്രവൃത്തിപരിചയ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## പ്രവർത്തനങ്ങൾ

ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

- ആശംസാ കാർഡ്
- നക്ഷത്രങ്ങൾ
- പൂക്കൾ
- പതാക നിർമ്മാണം
- ബാഡ്ജ് നിർമ്മാണം
- പോസ്റ്റർ നിർമ്മാണം

2. ഭക്ഷണസാധനങ്ങൾ നിർമ്മിക്കൽ

- ഫ്രൂട്ട് സാലഡ്
- ഉപ്പിലിട്ടത്
- പലഹാരമേള
- വെജിറ്റബിൾ സാലഡ്

3. മറ്റ് പ്രവർത്തനങ്ങൾ

- ഫാബ്രിക് പെയിന്റിംഗ്
- ആഭരണ നിർമ്മാണം
- കരകൗശല വസ്തുക്കൾ നിർമ്മിക്കൽ
- പ്രവൃത്തിപരിചയമേള

## വിവര സാങ്കേതിക വിദ്യ

വിവര സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിനായുള്ള വിദ്യാലയ പ്രവർത്തനങ്ങൾ.

- വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനായി പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ, സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം നൽകുന്നതിനായി IT ക്ലാസുകൾ നൽകി വരുന്നു.

# ഉപസംഹാരം

വളരെ മാപ്പിള എ.എൽ.പി സ്കൂളിന്റെ അക്കാദമിക മികവ് തുടർ വർഷങ്ങളിൽ ആസൂത്രിതവും സമയ ബന്ധിതവുമായി വർദ്ധിപ്പിക്കാനുള്ള പ്രവർത്തന പദ്ധതികളാണ് വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് മേൽ കൊടുത്തിട്ടുള്ളത്. പ്രസ്തുത പ്രവർത്തനങ്ങൾ പി.ടി.എ, അധ്യാപകർ, പൊതുസമൂഹം എന്നിവരുടെയെല്ലാം സഹായത്തോടെ പൂർത്തിയാക്കാൻ കഴിയും എന്ന പ്രതീക്ഷയോടെ ഈ മാസ്റ്റർപ്ലാൻ ഉപസംഹരിക്കുന്നു.